നം.സി.എസ് 7-1008/17

ജില്ലാ സപ്ലൈ ആഫീസ്,
കളക്ടറേറ്റ് പത്തനംതിട്ട,
(ഫോൺ: 04682222612. Email: dsopta1@gmail.com)
തീയതി : 28.02.2018

സ്വീകർത്താവ്

എല്ലാ കോളേജ് പ്രിൻസിപ്പാൾമാർക്കും.

സർ,

വിഷയം:- ഉപഭോക്തൃകാര്യ വകുപ്പ് - കോളേജ് തലത്തിൽ **ഹ്രസ്വചിത്ര നിർമ്മാണ മത്സരം** സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സിവിൽ സപ്ലൈസ് ഡയറക്ടറുടെ 23.02.2018-ലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ സി.എ2-16595/17.

**************

കേരള സർക്കാരിന്റെ ഉപഭോക്തൃകാര്യ വകുപ്പ് ഉപഭോക്തൃ ബോധവൽക്കരണത്തിനായി കോളേജ് വിദ്യാർത്ഥികൾക്കായി 'Consumer Rights & Protection of the Disadvantaged' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സംസ്ഥാനതലത്തിൽ ഒരു ഹ്രസ്വചിത്ര നിർമ്മാണ മത്സരം സംഘടിപ്പിക്കുന്നു. ഹ്രസ്വചിത്രത്തിന്റെ ദൈർഘ്യം 5 മുതൽ പരമാവധി 10 മിനിറ്റ് ആയിരിക്കണം.

ഹ്രസ്വചിത്രത്തിന്റെ സി.ഡി തയ്യാറാക്കിയത്, വിദ്യാർത്ഥികളുടെ പേരു വിവരങ്ങൾ സഹിതം ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാളിന്റെ അംഗീകാരത്തോടുകൂടി **10.03.2018-ന് മുമ്പായി** സിവിൽ സപ്ലൈസ് ഡയറക്ടറുടെ കാര്യാലയത്തിൽ (കമ്മീഷണറേറ്റ് ഓഫ് സിവിൽ സപ്ലൈസ്, പബ്ലിക് ആഫീസ്, മ്യൂസിയത്തിന് എതിർവശം, തിരുവനന്തപുരം) ലഭ്യമാക്കേണ്ടതുണ്ട്. ഹ്രസ്വചിത്രങ്ങൾ പി.ആർ.ഡി-യിലെ വിദഗ്ദ്ധസമിതി പരിശോധിക്കുകയും തെരഞ്ഞെടുക്കപ്പെടുന്ന 3 മികച്ച ചിത്രങ്ങൾക്ക് 1,00,000/- രൂപ, 50,000/- രൂപ, 25,000/- രൂപ നിരക്കിൽ സമ്മാന തുക നൽകുന്നതുമാണ്.

പ്രസ്തുത മത്സരത്തിൽ താങ്കളുടെ കോളേജിലെ വിദ്യാർത്ഥികളുടെ സജീവ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

ജില്ലാ സപ്ലൈ ആഫീസർ